"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന വ്യായാമത്തിലൂടെ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി 2024-25 സാമ്പത്തിക വർഷം നടത്താൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1060/2025/LSGD തീയതി,തിരുവനന്തപുരം, 26-04-2025

---

പരാമർശം:- 1. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27/11/2024-ലെ കത്തും അനുബന്ധ രേഖകളും.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 27/03/2025-ലെ 4.26 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് വ്യായാമത്തിലൂടെ സ്ത്രീകളുടെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രോജക്ടിന് ട്രെയിനറെ വച്ച് 2023-24-ൽ പ്രോജക്ട് നടപ്പാക്കുന്നതിന് 24/04/2023-ലെ വികേന്ദ്രീകൃതാസൂത്രണ സമിതി യോഗം അംഗീകാരം നല്കുകയുണ്ടായി. ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്ട് ഈ വർഷവും തുടരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന യോഗ്യതയുള്ളവരെ നിയമിക്കാനാണ് കോർഡിനേഷൻ കമ്മിറ്റി അംഗീകാരം നല്കിയത്. (സ്പോർട്സ് കേരള ഫെഡറേഷനിൽ നിയമിക്കുന്ന യോഗ്യത)

യോഗ്യത: 1. സെക്കന്റ് ക്ലാസിലുള്ള ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയും; 2. ജിം ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്/പേഴ്സണൽ ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്; 3. സാധുതയുള്ള CPR/ACD ഫസ്റ്റ്എയ്ഡ് സർട്ടിഫിക്കറ്റ് അഭികാമ്യം.

പ്രവൃത്തി പരിചയം: ഫിറ്റ്നസ് സെന്ററിൽ ജിം ട്രെയ്നറായി ചുരുങ്ങിയത് 2 വർഷം പ്രവൃത്തി പരിചയം.

കൺസോളിഡേറ്റഡ് പേ: 24520/- രൂപ (പ്രതിമാസം).

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ട് 2024-25ലും തുടർന്നുള്ള വർഷങ്ങളിലും നടത്താൻ അനുമതി നല്കണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പരാമർശം 2 പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ

കമ്മറ്റിയിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ 2024-25 വർഷത്തേക്കുകൂടി ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. 2025-26 വർഷം ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ അധികമായി ട്രെയിനറെ നിയമിക്കാതെ കുറഞ്ഞത് 100 പേർക്കെങ്കിലും പരിശീലനം നല്കണമെന്ന നിബന്ധന കർശനമായി പാലിച്ച് പ്രോജക്ട് തയ്യാറാക്കി അനുമതിക്കായി നല്കണമെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട് ജില്ല.
സെക്രട്ടറി/പ്രസിഡന്റ്, നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM), തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 26-04-2025 17:35:48
സെക്ഷൻ ഓഫീസർ